**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 290** **02-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ ലഭ്യതയിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. ടി. എ. റഹീം** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് എണ്ണത്തിൽ അധികമെങ്കിലും തൊഴിൽ ലഭ്യതയിൽ പെൺകുട്ടികൾ പിറകിലായി പോകുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കി അവരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന തൊഴിൽ മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി അവരുടെ പഠനത്തോടൊപ്പം തൊഴിലിനായുള്ള നൈപുണ്യപരിശീലനം നേടുന്നതിനായി അസാപ് കേരളയിലൂടെ 130-ലധികം വിവിധ കോഴ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്. 100 ഗ്രാമീണ യുവതികൾക്കു നബാർഡ് സഹായത്തോടെ ഗ്രാഫിക് ഡിസൈനിങ് പരിശീലനവും, 50 പെൺകുട്ടികൾക്ക് സൗജന്യമായി സൈബർ സെക്യൂരിറ്റി പരിശീലനവും നൽകി. ഇത് കൂടാതെ SAF -ഉം (Society for Assistance to Fisherwomen), അസാപ് കേരളയും സംയുക്തമായി 30 സ്ത്രീകൾക്ക് ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് കോഴ്സിൽ 2022-ൽ പരിശീലനം നൽകിയിരുന്നു. 106 നഴ്സുമാരുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനായിള്ള പരിശീലന പരിപാടിയും അസാപ് നടത്തിയിട്ടുണ്ട്.<br><br>തൊഴിൽ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ സാധിക്കുന്നവിധത്തിൽ വനിത എഞ്ചിനീയർമാരെ സൃഷ്ടിക്കാനുള്ള Scheme for Her Empowerment in Engineering Education (SHE) പദ്ധതി കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചിട്ടുണ്ട്. പെൺകുട്ടികൾക്ക് സാങ്കേതിക മേഖലകളിൽ മികച്ച നേതാക്കളാകാൻ ആവശ്യമായ പിന്തുണ നൽകാനും SHE എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>കൂടാതെ, ഇരുപത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പെൺകുട്ടികളുടെ തൊഴിൽ പങ്കാളിത്തം |

വർധിപ്പിക്കാൻ കേരള നോളജ് ഇക്കോണമി മിഷൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**1.** കേരള നോളജ് ഇക്കോണമി മിഷൻ കുടുംബശ്രീയുടെ സഹകരണത്തോടെ നടത്തിയ സർവ്വേയിൽ 53 ലക്ഷം തൊഴിലന്വേഷകരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 58% സ്ത്രീകളാണ്. ഇതിൽ 5 ലക്ഷത്തോളം കരിയർ ബ്രേക്ക് സംഭവിച്ച സ്ത്രീകളുണ്ടെന്നു കണക്കാക്കിയിട്ടുണ്ട്.

**2.** കേരള നോളജ് ഇക്കോണമി മിഷന്റെ "പ്രൂഫ് ഓഫ് കൺസെപ്റ്റിന്റെ" ഭാഗമായി 2021 ഡിസംബർ 18 മുതൽ 2022 ജനുവരി 20 വരെ 17 ഫിസിക്കൽ ജോബ് മേളകൾ നടത്തിയതിൽ 3 എണ്ണം കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്ക് വേണ്ടി മാത്രം ആയിരുന്നു.

**3.** അഭ്യസ്തവിദ്യരും തൊഴിൽ അന്വേഷകരുമായ സ്ത്രീകളെ തൊഴിൽസജ്ജരാക്കാൻ കേരള നോളജ് ഇക്കോണമി മിഷന്റെ "തൊഴിലരങ്ങത്തേക്ക്" എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കലാലയങ്ങളിലെയും സർവകലാശാലകളിലെയും അവസാന വർഷ വിദ്യാർത്ഥിനികൾ, പഠനം പൂർത്തിയാക്കിയ സ്ത്രീകൾ, കരിയർ ബ്രേക്ക് സംഭവിച്ച സ്ത്രീകൾ എന്നിവരെയെല്ലാം തൊഴിൽ മേഖലകളിലേക്ക് എത്തിക്കാനുള്ള സമഗ്രമായ പദ്ധതിയാണ് 'തൊഴിലരങ്ങത്തേക്ക്".

ഈ പദ്ധതിയുടെ ഭാഗമായി കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ സ്ത്രീകൾക്കും വിവിധ പരിശീലനങ്ങൾ നൽകി തൊഴിൽമേളകളിലേക്ക് എത്തിക്കാനാണ് നോളജ് ഇക്കോണമി മിഷൻ പരിശ്രമിക്കുന്നത്. വർക്ക് റെഡിനെസ്സ് പ്രോഗ്രാം, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിങ്, റോബോട്ടിക് ഇന്റർവ്യൂ തുടങ്ങിയ സേവനങ്ങൾ DWMS പ്ലാറ്റ് ഫോം വഴി തീർത്തും സൗജന്യമായാണ് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുക.

**4.** സ്ത്രീ തൊഴിലന്വേഷകർക്ക് മാത്രമായി പഞ്ചായത്ത് തലത്തിൽ ഇന്റഗ്രേറ്റഡ് പ്രോജക്ട് വർക്ക് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കോർപ്പറേറ്റുകളുമായി ചേർന്ന് കേരള നോളജ് ഇക്കോണമി മിഷൻ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. മൂന്ന് മാസത്തെ പരിശീലന പരിപാടിക്ക് ശേഷം, യോഗ്യതയുള്ള 10-15 വനിതാ തൊഴിലന്വേഷകരുടെ ഗ്രൂപ്പിന് ഗിഗ് അധിഷ്ഠിത പ്രോജക്ട് വർക്കുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ